# പതിമൂന്നാം കേരള നിയമസഭ

## (പതിമൂന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 129 09/03/2015-ൽ മറുപടിയ്ക്ക്**

## കണ്ണൂർ ജില്ലയിലെ ഓലക്കീൽക്കടവ് പാലം

**ചോദ്യം**
**ശ്രീ. ടി. വി. രാജേഷ്:**

(എ) കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിലെ ചൂട്ടാടിനെയും രാമന്തളി ഗ്രാമപഞ്ചായത്തിലെ ഓലക്കാലിനെയും തമ്മിൽ ബന്ധിപ്പിക്കുന്നതും മത്സ്യത്തൊഴിലാളി കളുടെയും തീരദേശ വാസികളുടെയും പ്രധാന ആവശ്യവുമായ ഓലക്കീൽ ക്കടവ് പാലം നബാർഡിന്റെ ആർ.ഐ.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശം നൽകുമോ?

**മറുപടി**
**ശ്രീ. കെ. ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):**

(എ) ടി പ്രവൃത്തിയുടെ പ്രാഥമിക പഠനം നടത്തുന്നതിനായി 10 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവെങ്കിലും നബാർഡിൽ നിന്നും അനുമതി ലഭ്യമാകാത്തതിനാൽ ടി പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് നബാർഡ് ശീർഷകത്തിൽ അനുമതി നൽകുവാൻ സാധിച്ചില്ല. ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ പൂർത്തീകരിച്ചാൽ മാത്രമേ നബാർഡിൽ നിന്നും പദ്ധതികൾക്ക് അനുമതി നൽകുവാൻ സാധിക്കുകയുള്ളൂ. ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ നടപ്പിലാക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് പ്രത്യേക തലവരി അനുവദിച്ചിട്ടില്ല. ആയതിനാൽ ഇത്തരം പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ പൂർത്തീകരിക്കുന്നതിന് പ്രത്യേക ശീർഷകം അനുവദിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**സെക്ഷൻ ആഫീസർ**